# Year of Liturgy
# Eparchial Quiz Competition



Week - 37( **27** th August 2023)

1. In earlier times, where was the venue of the marriage and who used to give the blessings?
In earlier times, marriage was a social celebration and the head of the family used to give blessings to the new couple.

2. What were the two celebrations of marriage at the time of *Mar* Aprem?
*M'kuraya* (betrothal) which means the engagement between a man and woman to become husband and wife and the *H'lolaa* (banquet or wedding), followed by the establishment of common life between them.

3. Which are the Jewish traditions parallel to *M'kuraya* and *H'lolaa* of the East Syriac marriage?
They correspond to the two traditions of Jewish marriage: *qiddusin* or *erusin* and *nissu'in*, of the marriage of Yawsep and Maryam.

4. What does *Mar* Narsai in his 17th homily say about the *Kahna* in the *Raza* of Marriage?
Without a *Kahna* a woman cannot be married to a man; without him, a wedding cannot be done.

5. Who was the first East Syriac *Catholicose* to give clear instructions on the *Raza* of Marriage?
*Mar* Awa the Great (544 AD).

6. What does *Mar* Awa say against polygamy and consanguinity (marriage with a niece, an aunt, a godmother or a sister-in-law)?
Those rebels will be excluded of the Sacraments, of ecclesial communion and of religious burial.

7. What does *Mar* Isho Yahb I say about marriage in Canon 13 of his *Sunnahadose* (585 AD)?
The aim of marriage is progeny; its climax is love according to the spirit of the Gospel and in the respect to the laws proper to marriage.

8. What is the contribution of *Mar* Ezekiel, as per Canon 7 of his *Sunnahadose* (576 AD)?
He did not find it necessary to add a new norm but demanded to follow the norms established by the fathers and the Synods.

9. What does Canon 13 of the *Sunnahadose* of *Mar* Giwargis I (676 AD) convened in Qatar say about the conditions of East Syriac marriage?
It says 'that it is not permitted for a woman to be united to a man without the agreement of her parents, nor without the intervention of the Holy *Sleeva* and of the *Kahna* who blesses'.

10. What is considered to be the first instance when the Church claimed the right to declare a marriage without priestly blessing as null?
The *Sunnahadose* of *Mar* Giwargis I (676 AD) convened in Qatar.

11. Who is the East Syriac Father who speaks about the importance of a solemn celebration of Liturgy in marriage?
*Mar* Isho'bokht (8$^{th}$ century) in the 'Book of Judgements'.

12. Which is the first East Syriac source which says about the exchange of rings in the betrothal?
*Mar* Isho'bokht (8$^{th}$ Century) in the 'Book of Judgements'.

13. What does *Mar* Isho Bokth say about priestly blessing in marriage?
"What the priest has blessed, we believe that it is blessed by *Alaha*."

14. What are the two elements of the East Syriac marriage as per *Mar* Isho Bokth?
The Contract of the Engaged and the Conjugal Communion (*Shawthapusa*), the latter is holy only if blessed by the *Kahna*.

15. What does *Mar* Timothy I *Cathtolicose* comment about the East Syriac Marriage?
He comments about the solemn celebration of the *M'kuraya* (betrothal).

16. What does *Mar* Thimothy I *Catholicose* say about the covenant of betrothal?
The betrothal is a solemn covenant unto death, is established through the mediation of the *Kahna*, *M'shamshana* (or the bishop) and at least three Christian faithful. For the validity of the sacrament the presence of a *Kahna* and the Holy *Sleeva* is essential.

17. What are the factors essential for the validity of East Syriac Marriage according to *Mar* Timothy I *Catholicose*?
For the validity of the marriage, the presence of a *Kahna* and the Holy *Sleeva* are essential.

18. According to Isho bar Nun *Catholicose*, (AD 823-828), what are the essential factors for the solemn celebration of the betrothal?
The presence of the *Kahna* and of the lay people, of the Holy *Sleeva*, of the blessed water and of the ring are required for the solemn celebration of the betrothal.

19. What does Abu I-Farag Abdallah Ibn Al Tayyib (AD 1043), secretary to Mar Elia I *Catholicose*, say about the celebration of the betrothal?
He says: "The betrothal should be completed in the church of holiness through the mediation of the *Kahna*, *M'shamshana*, the Christian faithful and through the ecclesiastical ceremony and through prayer, the Holy *Sleeva*, ring and *ḥnānā*. Whatever is done contrary to this, but according to the customs of the people in their houses, is invalid."

20. What does the Nomocanon of *Mar* Abd Isho say about the presence of the *Kahna* in the celebration of marriage?
The presence of the *Kahna* is necessary unless impossible.

Week - 37 ( 27 th August 2023)

1. ആദിമകാലത്ത് വിവാഹത്തിന്റെ വേദി എവിടായിരുന്നു? ആരാണ് ആശീർവ്വാദം നല്കിയിരുന്നത്?
ആദിമകാലത്ത് വിവാഹം ഒരു സാമൂഹിക ആഘോഷം ആയിരുന്നു. കുടുംബത്തിന്റെ തലവനാണ് ആശീർവ്വാദം നല്കിയിരുന്നത്.

2. മാർ അപ്രേമിന്റെ കാലത്തെ രണ്ട് ആഘോഷങ്ങൾ ഏതാണ് ?
മ്കുറായ (മനസമ്മതം), ഭാര്യയും ഭർത്താവുമായി ജീവിക്കാൻ പുരുഷനും സ്ത്രീയും നടത്തുന്ന മനസമ്മതം. ഹ്ലോലാ ( വിരുന്ന്/ വിവാഹം) ഇരുവരും തമ്മിലുള്ള ജീവിതത്തിന്റെ സ്ഥാപനം.

3. പൗരസ്ത്യ സുറിയാനി പാരമ്പര്യമായ മ്കുറായായ്ക്കും ഹ്ലോലായ്ക്കും തത്തുല്യമായ യഹൂദ പാരമ്പര്യങ്ങൾ ഏവ?
യൗസേപ്പിന്റെയും മറിയത്തിന്റെയും വിവാഹത്തിലെ കിദുസിൻ/ എറുസിൻ, നിസ്സുഇൻ.

4. വിവാഹത്തിന്റെ രഹസ്യത്തിൽ കഹ്നായെ കുറിച്ച് മാർ നർസായി തന്റെ 17 ാം ഹോമിലിയിൽ എന്താണ് പറയുന്നത്?
കഹ്നയെ കൂടാതെ ഒരു സ്ത്രീയെ പുരുഷനുമായി വിവാഹം കഴിപ്പിക്കാൻ പാടുള്ളതല്ല; കഹ്നയെ കൂടോതെ വിവാഹം നടത്തരുത്.

5. വിവാഹത്തെ കുറിച്ച് കൃത്യമായ നിർദ്ദേശം നല്കുന്ന ആദ്യ പൗരസ്ത്യ സുറിയാനി കാതോലിക്കോസ് ആരാണ്?
മാർ ആവ്വാ ഗ്രേറ്റ് (544 എഡി.)

6. ബഹുഭാര്യത്വം/ഭർതൃത്ത്വം, രക്തബന്ധ വിവാഹം എന്നിവയ്ക്കെതിരായി മാർ ആവ്വാ എന്താണ് പറയുന്നത്?
അവരെ കൂദാശാകളിൽ നിന്നും സഭാകൂട്ടായ്മയിൽ നിന്നും മതാത്മക മൃതസംസ്കാര ശുശ്രൂഷയിൽ നിന്നും ഒഴിവാക്കും.

7. തന്റെ സൂനഹദോസിലെ (585 എഡി) 13 ാം കാനൻ പ്രകാരം, മാർ ഈശോയാബ് ഒന്നാമൻ വിവാഹത്തെപ്പറ്റി എന്തു പറയുന്നു?
വിവാഹത്തിന്റെ ലക്ഷ്യം മക്കളാണ്. അതിന്റെ പൂർത്തീകരണം സുവിശേഷ ചൈതന്യമനുസരിച്ചും വിവാഹത്തിനോടനുബന്ധമായ നിയമം ബഹുമാനിച്ചും സ്നേഹിക്കുന്നതാണ്.

8. തന്റെ സൂനഹദോസിലെ (576 എഡീ) 7ാം കാനൻ പ്രകാരം മാർ എസക്കിയേലിന്റെ സംഭാവന എന്താണ്?
പുതുതായി ഒന്നും അദേഹം കൂട്ടുചേർത്തില്ല; മറിച്ച് പിതാക്കന്മാരും സൂനഹദോസും സ്ഥാപിച്ച നിയമങ്ങൾ അനുസരിക്കാൻ ആവശ്യപ്പെട്ടു.

9. മാർ ഗീവർഗ്ഗീസ് ഒന്നാമൻ (എഡി 676) ഖത്തറിൽ വിളിച്ചു ചേർത്ത സൂനഹദോസിലെ കാനൻ 13ൽ പൗരസ്ത്യ സുറിയാനി വിവാഹത്തേപ്പറ്റി എന്തു പറയുന്നു?

മാതാപിതക്കളുടെ സമ്മതവും പരിശുദ്ധ സ്ലീവായുടെ ഇടപെടലും കഹനായുടെ ആശീർവ്വാദവും കൂടാതെ സ്ത്രീയും പുരുഷനും വിവാഹിതരാകാൻ പാടുള്ളതല്ല.

10. പൗരോഹിത്യ ആശീർവ്വാദമില്ലാത്ത വിവാഹം അസാധുവായി പ്രഖ്യാപിക്കാൻ സഭ അവകാശവാദമുന്നയിച്ച ആദ്യസംഭവമായി കണക്കാക്കേണ്ടത് ഏതാണ്?
മാർ ഗീവർഗ്ഗീസ് ഒന്നാമന്റെ ദത്തറിലെ സൂനഹദോസ് (എഡി 676).

11. വിവാഹത്തിൽ ആഘോഷമായ ആരാധനക്രമത്തിന്റെ പ്രാധാന്യത്തെപ്പറ്റി സംസാരിക്കുന്ന പൗരസ്ത്യ സുറിയാനി പിതാവരാണ്?
മാർ ഈശോ ബക്ത് (8ാം നൂറ്റാണ്ട്) ന്യായാധിപന്മാരുടെ പുസ്തകത്തിൽ.

12. മനസ്സമ്മത്തിലെ മോതിര മാറ്റത്തെപ്പറ്റി പ്രതിപാദിക്കുന്ന ആദ്യ പൗരസ്ത്യ സുറിയാനി സ്രോതസ്സ് ഏതാണ്?
മാർ ഈശോ ബക്ത് (8ാം നൂറ്റാണ്ട്) ന്യായാധിപന്മാരുടെ പുസ്തകം

13. വിവാഹത്തിലെ പുരോഹിത ആശീർവ്വാദത്തെ പറ്റി ഈശോ ബക്ത് പറയുന്നതെന്ത്?
പുരോഹിതന്മാർ ആശിർവ്വദിച്ചത്, ആലാഹായാൽ ആശീർവ്വദിക്കപ്പെട്ടതായി ഞങ്ങൾ വിശ്വസിക്കുന്നു.

14. മാർ ഈശോ ബക്തിന്റെ അഭിപ്രായത്തിൽ പൗരസ്ത്യ സുറിയാനി വിവാഹത്തിലെ രണ്ട് ഘടകങ്ങൾ ഏവയാണ്?
ദമ്പതിമാരുടെ ഉടമ്പടിയും വൈവാഹിക കൂട്ടായ്മയും (ഷൗതാപൂസ), കഹനായുടെ ആശീർവ്വാദം ഉള്ളപ്പോൾ മാത്രമാണ് ഷൗതാപ്പൂസാ പരിശുദ്ധമാകുന്നത്.

15. പൗരസ്ത്യ സുറിയാനി വിവാഹത്തേപ്പറ്റി മാർ തിമോത്തി ഒന്നാമൻ കാതോലിക്കോസ് എന്തു പറയുന്നു?
മ്കുറായയുടെ (മനസമ്മതം) ആഘോഷമായ ആചരണത്തെപ്പറ്റി.

16. മനസമ്മതത്തിന്റെ ഉടമ്പടിയെപ്പറ്റി മാർ തിമോത്തി ഒന്നാമൻ കാതോലിക്കോസ് എന്തു പറയുന്നു?
മനസമ്മതത്തിന്റെ ഉടമ്പടി മരണം വരെ ഉള്ളതാണ് കഹനായുടെയും മ്ശംശാനയുടെയും (അല്ലെങ്കൽ മെത്രാൻ) കുറഞ്ഞത് മൂന്ന് ക്രൈസ്തവ വിശ്വാസികളുടെയും മദ്ധ്യസ്ഥതയിലാണ് ഇത് സ്ഥാപിക്കപ്പെടുന്നത്. കൂദാശയുടെ സാധുതയ്ക്ക് കഹനായുടെയും പരിശുദ്ധ സ്ലീവായുടെയും സാന്നിദ്ധ്യം നിർബന്ധമാണ്.

17. മാർ തിമോത്തി ഒന്നാമന്റെ അഭിപ്രായത്തിൽ പൗരസ്ത്യ സുറിയാനി വിവാഹത്തിന്റെ സാധുതയ്ക്ക് അവശ്യമായ ഘടകങ്ങൾ ഏവ?
കഹനായുടെയും പരിശുദ്ധ സ്ലീവായുടെയും സാന്നിദ്ധ്യം.

18. ഈശോ ബാർ നൂൻ കാതോലികോസിന്റെ (823-828 എഡി) അഭിപ്രായത്തിൽ ആഘോഷമായ മനസമ്മതത്തിനു വേണ്ട ഘടകങ്ങൾ ഏവ?

കഹനായുടെയും വിശ്വാസികളുടെയും പരിശുദ്ധ സ്ലീവായുടെയും ആശീർവ്വദിച്ച ജലത്തിന്റെയും മോതിരത്തിന്റെയും സാന്നിദ്ധ്യം.

19. മാർ ഏലിയ ഒന്നാമൻ കാതോലിക്കോസിന്റെ സെക്രട്ടറിയായിരുന്ന അബു ഇ ഫരാഗ് അബ്ദുള്ളാഹ് ഇബ്ന് അൽ തയ്യിബ് (എഡി 1043) മനസമ്മതത്തിന്റെ ആഘോഷത്തേപ്പറ്റി എന്തു പറയുന്നു?

''കഹന, മ്ശംശാന, ക്രൈസ്തവ വിശ്വാസികൾ എന്നിവരുടെ മദ്ധ്യസ്ഥയിലൂടെയും സഭാകർമ്മങ്ങളിലൂടെയും പ്രാർത്ഥനയിലൂടെയും പരിശുദ്ധ സ്ലീവാ, മോതിരം, ഹനാന എന്നിവ വഴിയും മനസമ്മതം വിശുദ്ധമായി പള്ളിയിൽ പൂർത്തിയാക്കണം ഇതിനു വിരുദ്ധമായുള്ളതെല്ലാം അവരുടെ വീട്ടിലെ ശൈലി അനുസരിച്ചുള്ളതാണെങ്കിലും അസാധുവാണ്.''

20. മാർ അബ്ദീശോയുടെ നോമോ കാനൻ വിവാഹത്തിലെ കഹനായുടെ സാന്നിദ്ധ്യത്തേപ്പറ്റി എന്തു പറയുന്നു?

കഹനായുടെ സാന്നിദ്ധ്യം അസാദ്ധ്യമല്ലെങ്കിൽ അത്യാവശ്യമാണ്.